ജനങ്ങളും വലിയ വേദനയോടുകൂടി പ്രക്ഷുബ്ധമായ ഒരു അന്തരീക്ഷം ഉണ്ടാക്കരുതെയാണ് ഈ പ്രശ്നത്തെ കൈകാര്യം ചെയ്തത്. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് മാതൃകാപരമായ രീതിയിൽ ശിക്ഷ നൽകത്തക്ക വകുപ്പുകളും ചേർത്തുകൊണ്ട്, കുറ്റവാളികളും ആരായാലും അവർക്കെതിരെ നടപടി സ്വീകരിക്കണം. എസ്. പി. വിളിച്ചുചേർത്ത കോൺഫറൻസിൽ, ഫലപ്രദമായ രൂപത്തിൽ നടപടി സ്വീകരിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ഈ കുട്ടിയുടെ കുടുംബം ജീവിക്കാൻ സാമാന്യം കഴിവുള്ളവരാണ്. ആ കുട്ടിയുടെ മാതാവ് പറഞ്ഞത്, ഇത്തരത്തിലുള്ള ഒരു സംഭവം ഒരു പെൺകുട്ടിക്കും ഉണ്ടാകാത്ത തരത്തിൽ മാതൃകാപരമായ ശിക്ഷ നൽകണമെന്നാണ്. ഇത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, ഇത് വളരെ വേദനാജനകമായ ഒരു സംഭവമാണ്. വില്യാപ്പള്ളി ടൗണിൽവച്ച് ശരണ്യ എന്ന പെൺകുട്ടിയെ പരസ്യമായി മാനഭംഗപ്പെടുത്തിയതിലുള്ള മനോവിഷമത്തിലാണ് ഇത് സംഭവിച്ചത് എന്ന് മനസ്സിലാക്കി അതിനെതിരായി കർശനമായ നടപടി സ്വീകരിക്കും. വടകര പുതുപ്പള്ളി സ്വദേശി ഫൈസൽ എന്നയാളിനെ പോലീസ് അറസ്റ്റ് ചെയ്ത് കോടതി റിമാൻഡ് ചെയ്തിട്ടുണ്ട്. നിയമനടപടികളും ഏറ്റവും ഊർജ്ജസ്വലമായി മുമ്പോട്ടു കൊണ്ടുപോകും.

(5) കോഴിക്കോട് നഗരത്തിലെ മോഷണങ്ങൾ

ശ്രീ. എ. സുജനപാൽ: സർ, കോഴിക്കോട് നഗരത്തിൽ വർദ്ധിച്ചു വരുന്ന മോഷണ പരമ്പര അവിടത്തെ ജനങ്ങളെയാകെ ആശങ്കയിലാക്കിയിരിക്കുകയാണ്. നഗരത്തിൽ വർദ്ധിച്ചുവരുന്ന മോഷണങ്ങൾ തടയുന്നതിന് പോലീസ് അടിയന്തിര നടപടികൾ സ്വീകരിക്കണം. ജൂലൈ മാസത്തിലാണ് ഏറ്റവും വ്യാപകമായിട്ടുള്ള മോഷണങ്ങൾ നടന്നിട്ടുള്ളത്. ഇവർ വലിയ തോതിലുള്ള സംഘങ്ങളാണ്. അന്യ സംസ്ഥാനങ്ങളിൽനിന്നും കോഴിക്കോട് നഗരത്തിൽ വന്ന് ഷോപ്പുകൾ മാത്രമല്ല, വീടുകളിലുള്ള കാറുകൾവരെ മോഷ്ടിച്ച സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. റെഡിമേഡ് ഷോപ്പുകൾ, സ്വർണ്ണ കടകൾ ഇവയിലെല്ലാം നിരന്തരമായിട്ട് മോഷണങ്ങൾ നടക്കുകയാണ്. മാതൃഭൂമി, മലയാള മനോരമ ദിനപ്പത്രങ്ങളിൽ 'നഗരത്തിൽ മോഷണ പരമ്പര, ജനങ്ങൾ ആശങ്കയിൽ' എന്ന ആറ് കോളം വാർത്ത വന്നു. ഇന്നത്തെ മലയാള മനോരമ ദിനപത്രത്തിൽ കൊടുത്തിരിക്കുന്നു, 'മോഷണ പരമ്പര തുടരുന്നു' എന്ന്. ഇത് ജനങ്ങളിൽ വളരെയേറെ ആശങ്കയ്ക്ക് ഇടയാക്കിയിട്ടുണ്ട്. വ്യാപകമായിട്ടുള്ള സംഘമാണ് ഇത് നടത്തിക്കൊണ്ടിരിക്കുന്നത്. ഇത് തടയുന്നതിന് വേണ്ടത്ര നടപടി സ്വീകരിക്കുന്നില്ല എന്നുള്ള ആക്ഷേപവുമുണ്ട്. ഇത് ശക്തിപ്പെട്ടുവരികയാണ്. തെഫ്റ്റ് സ്കാഡുകളുടെ രാത്രികാല പട്രോളിംഗ് വളരെ ശക്തമാക്കണം. അതുപോലെതന്നെ മോഷണക്കേസുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേകമായ സെൽ രൂപീകരിക്കണം. മോഷണക്കേസുകൾ രജിസ്റ്റർ ചെയ്യുന്നുണ്ടെങ്കിലും പല കേസുകളിലും തെളിവില്ല. രണ്ടുമൂന്നു മാസങ്ങൾക്കിടയിലുണ്ടായിട്ടുള്ള മോഷണ പരമ്പരയിൽ വളരെ ചുരുക്കം പ്രതികളെ മാത്രമേ പിടി കിട്ടിയിട്ടുള്ളൂ. മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള ആളുകൾവരെ ഇതിൽ പങ്കാളികളാകുന്നുണ്ട്. വ്യാപകമായിട്ടുള്ള നെറ്റ്വർക്കാണ് ഇവർ നടത്തിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമായിരിക്കുന്നു. ഇതിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

നൽകിയിട്ടുള്ള പരാതിയിൽ പത്രകട്ടിംഗുകളും ഉൾപ്പെടെയുള്ള വിശദ വിവരങ്ങളും നൽകിയിട്ടുണ്ട്. ഇതിനെതിരെ അടിയന്തിരനടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് കോഴിക്കോട് സിറ്റിയിൽ കുറേ അധികം മോഷണശ്രമങ്ങളും നടന്നിട്ടുണ്ട് എന്നാണ്. അതിൽ കോഴിക്കോട് ടൗൺ, നടക്കാവ്, മെഡിക്കൽ കോളേജ്, കുന്ദമംഗലം എന്നീ പോലീസ് സ്റ്റേഷൻ അതിർത്തികളിൽ ജൂലൈ മാസത്തിൽ നടന്ന മോഷണങ്ങളിൽ 14 കേസുകളും തെളിയിക്കപ്പെട്ടിട്ടുണ്ട്. പന്ന്യങ്കര, നടക്കാവ്, ഫറോക്ക്, മാറാട് എന്നീ പോലീസ് സ്റ്റേഷൻ അതിർത്തികളിൽ അടുത്ത കാലത്ത് നടന്ന മോഷണങ്ങൾക്ക് ക്രൈം കേസ് രജിസ്റ്റർ ചെയ്തത് പ്രത്യേകമായി അന്വേഷണം നടത്തുകയാണ്. അസിസ്റ്റന്റ് പോലീസ് കമ്മീഷണറുടെ കീഴിൽ ആൻറി തെഫ്റ്റ് സ്കാഡും ആൻറി ടെംപിൾ തെഫ്റ്റ് സ്കാഡും രൂപീകരിച്ച് വിശദമായിട്ടുള്ള അന്വേഷണം നടത്തുന്നുണ്ട്. ശക്തമായ പട്രോളിംഗ് രാത്രികാലങ്ങളിൽ നടത്താനും കുറ്റവാളികൾക്കെതിരെ നിയമ നടപടികളും സ്വീകരിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്.

(6) സുനാമി ദുരന്തത്തിനിരയായ മൽസ്യത്തൊഴിലാളികൾക്ക് ധനസഹായം

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, സബ്മിഷൻ ലിസ്റ്റ് ചെയ്തുവന്നപ്പോൾ രണ്ടു പിശകുകളും ഉണ്ടായിട്ടുണ്ട്. ഒന്നാമത്തേത് ഇത് രണ്ട് വകുപ്പുകളുമായി ബന്ധപ്പെടുന്ന സബ്മിഷൻ ആയതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കാണ് നോട്ടീസ് നൽകിയിരുന്നത്. ഫിഷറീസും റവന്യൂവുമാണ് വരുന്നത്. അത് മാത്രമല്ല സബ്മിഷന്റെ വാചകത്തിൽ തന്നെ മാറ്റം ഉണ്ടായിട്ടുണ്ട്, '2004 ഡിസംബർ 26-ന് ഉണ്ടായ സുനാമി ദുരന്തത്തിലും പിന്നീടുണ്ടായ വേലിയേറ്റത്തിലും കടൽക്ഷോഭത്തിലും', എന്നാണ് ഞാൻ എഴുതിയിരുന്നത്. ഇവിടെ വന്നപ്പോൾ 'സുനാമി' ദുരന്തത്തിലും അതിനോടുകൂടിയുണ്ടായ വേലിയേറ്റത്തിലും' എന്നായി മാറി. 2004 ഡിസംബർ മാസം 26-ാം തീയതിയാണ് സുനാമി ദുരന്തം ഉണ്ടായത്. മാസങ്ങൾ കഴിഞ്ഞാണ് കടൽക്ഷോഭം ഉണ്ടായത്. സുനാമി ദുരന്തത്തിൽ മത്സ്യബന്ധന ഉപകരണങ്ങളാണ് പ്രധാനമായും നഷ്ടപ്പെട്ടത്. പിന്നീടുണ്ടായ കടൽക്ഷോഭത്തിലും കടലാക്രമണത്തിലും ഈ സ്ഥലം സന്ദർശിക്കാൻ പോയ റവന്യൂ ഉദ്യോഗസ്ഥരെ അവിടെയുള്ള ആളുകൾ തടഞ്ഞുവച്ച സാഹചര്യംവരെ ഉണ്ടായി. സുനാമി ദുരന്തത്തിൽ ദുരിതം അനുഭവിച്ചവർക്കുള്ള സഹായം നൽകിയില്ല എന്നുപറഞ്ഞാണ് തടഞ്ഞുവച്ചത്. പ്രത്യേകിച്ച് കുളത്തൂർ വില്ലേജിൽപ്പെട്ട പൊഴിയൂർ പ്രദേശത്താണ് അതുണ്ടായത്. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ അവിടത്തെ എം. എൽ. എ. കൂടിയാണ്. റവന്യൂ ഉദ്യോഗസ്ഥർ പോയപ്പോൾ മണിക്കൂറുകളോളം അവരെയും അദ്ദേഹത്തെയും തടഞ്ഞുവച്ച സ്ഥിതിയുണ്ടായി. ഒടുവിൽ കളക്ടറും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഒക്കെ ഇടപെട്ടാണ് അവരെ മോചിപ്പിച്ചത് എന്നാണ് ഞാൻ മനസ്സിലാക്കിയത്. ഇപ്പോൾ ഉണ്ടായിരിക്കുന്നത്, കടൽക്ഷോഭത്തിലും കടലാക്രമണത്തിലും പൂർണ്ണമായും വീടു നഷ്ടപ്പെട്ടവരുടെ കണക്ക് എടുക്കുകയും സഹായധനം സംബന്ധിച്ച് റവന്യൂ അധികൃതരുടെ റിപ്പോർട്ട് മുകളിലേക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. സഹായധനം കുറഞ്ഞുപോയി

LIBRARY ARCHIVES Kerala Legislative Assembly